1

# അബ്രഹാമുമായുള്ള ദൈവത്തിന്റെ നിയമം

## ഹ്യൂഗോ മെക്കോർഡ്

"നിയമം" എന്ന വാക്ക് (ഉല്പത്തി 15:18) മൂല വാക്കായ *ഹാരത്*യിൽ നിന്നു വന്നതാണ്, അർത്ഥം "മുറിക്കുക" എന്നാണ്. നിയമം ഒരു ഉടമ്പടിയാണ്, മുദ്ര വെച്ച സമ്മതപത്രമാണ്. എബ്രായ ഭാഷാ ശൈലിയായ *കാരാത്ത് ഘെരിത്ത്* എന്നതിന്റെ അക്ഷരിക അർത്ഥം "കട്ട് എ കവനന്റ്" എന്നാണ്.

### സന്തതിയുടെ വാഗ്ദാനം

വർഷങ്ങളോളം ദൈവം അബ്രഹാമിനു ആവർത്തിച്ചു ഒരു അവകാശിയെ വാഗ്ദാനം ചെയ്തിരുന്നു (ഉല്പത്തി 12:7; 13:15). വർഷങ്ങൾ കഴിഞ്ഞ്, അപ്പോഴും മക്കൾ ജനിക്കാതിരുന്ന അബ്രഹാം പറഞ്ഞു, തന്റെ സമ്പാദ്യങ്ങൾക്കു നിയമപരമായ അവകാശി തന്റെ ജോലിക്കാരനായിരിക്കും. എങ്ങനെയായാലും, അബ്രഹാമിന്റെ ശരീരത്തിൽ നിന്നു വരുന്നവൻ തന്നെയായിരിക്കും അവകാശി എന്നു ദൈവം ഉറപ്പിച്ചു പറഞ്ഞു (ഉല്പത്തി 15:4). ഒടുവിൽ അവന്റെ സന്തതിപരമ്പര ആകാശത്തിലെ നക്ഷത്രങ്ങളെ പോലെ ആയി. അബ്രഹാമിന്റെ സന്തതിയായ ഇസഹാക്കും, അവന്റെ പിൻഗാമികളും, ദശലക്ഷക്കണക്കിനു എബ്രായർ ഭൂമിയിൽ ജീവിച്ചതു തെളിയിക്കുന്നതു ദൈവത്തിന്റെ വചനം നിറവേറി എന്നാണ്. ഏറ്റവും വലിയ "സന്തതി" ക്രിസ്തുവായിരുന്നു (ഗലാത്യർ 3:16), അവൻ മുഖാന്തരം പുരുഷാരങ്ങൾ - എബ്രായർ മാത്രമല്ല ജാതികളും (വെളിപ്പാട് 7:4, 9) അബ്രഹാമിന്റെ മക്കളായിത്തീർന്നു (ഗലാത്യർ 3:29).

### ഒരു ദേശത്തിന്റെ വാഗ്ദാനം

ദൈവം അബ്രഹാമുമായി ''ഉണ്ടാക്കിയ'' നിയമത്തിൽ ബഹുവിധമായ അവകാശികൾ മാത്രമല്ല ഉൾപ്പെട്ടിരുന്നത്, അവർക്കു താമസിക്കുവാൻ, മിസ്രയിം മുതൽ അശൂർ വരെ സ്ഥലവും

ഉൾപ്പെടുത്തിയിരുന്നു. ആ വാഗ്ദാനം നിറവേറ്റുന്നതിനു അധികം കഴിയുന്നതിനു മുൻപു (ഉല്പത്തി 15:13 നോക്കുക), ദൈവം അതു നിറവേറ്റുവാൻ ബാധ്യസ്ഥനാണെന്നു കാണിക്കുന്നു. നാനൂറ്റി മുപ്പതു വർഷങ്ങൾക്കു ശേഷം (പുറപ്പാട് 12:40), അബ്രഹാമിന്റെ സന്തതികൾ വാഗ്ദാനദേശം ലക്ഷ്യമാക്കി നടക്കുവാൻ തുടങ്ങി. അവസാനം, "യഹോവ യിസ്രായേലിനു താൻ അവരുടെ പിതാക്കന്മാർക്കു കൊടുക്കുമെന്നു സത്യം ചെയ്ത ദേശമെല്ലാം കൊടുത്തു; അവർ അതു കൈവശമാക്കി അവിടെ പാർത്തു" (യോശുവ 21:43; കൂടാതെ 23:14; ന്യായാധിപന്മാർ 2:1; 1 രാജാക്കന്മാർ 4:21 ഉം നോക്കുക). നിർഭാഗ്യവശാൽ, ദൈവം തന്റെ വാക്ക് നിറവേറ്റിയില്ല എന്ന് ചിലർ ഇന്നു പറയുന്നുണ്ട്. ആയിരമാണ്ടു വാഴ്ച്ചക്കാർ ദൈവത്തെ ലജ്ജിപ്പിക്കുവാനാണ് ശ്രമിക്കുന്നത്.

## ഏറ്റവും പ്രധാനപ്പെട്ട വാഗ്ദാനം

ഉല്പത്തി 15 ലെ എല്ലാം പ്രധാനപ്പെട്ടതാണ്; എന്നാൽ ഒരു വാക്യം പ്രത്യേകിച്ചു പ്രധാനപ്പെട്ടതാണ്. നാം എങ്ങനെ രക്ഷിക്കപ്പെട്ടു എന്നു മനസ്സിലാക്കി തരുവാൻ സഹായിക്കുന്ന വിധത്തിലാണ് വാക്യം 6 റോമർ 4:3 ലും, ഗലാത്യർ 3:6 ലും, യാക്കൊബ് 2:23 ലും ഉപയോഗിച്ചിരിക്കുന്നത്.

അബ്രഹാം ദൈവത്തിൽ "വിശ്വസിച്ചു എന്നു മോശെ പറഞ്ഞപ്പോൾ ദൈവം ഉണ്ട് എന്ന വെറും തോന്നലല്ല മോശെ ഉറപ്പിച്ചു പറഞ്ഞത്. നിയമം ചെയ്യുന്നതിനു മുൻപുതന്നെ അബ്രഹാം ദൈവത്തിൽ വിശ്വസിച്ചിരുന്നു (അവന്റെ അപ്പന്റെ വിഗ്രഹാരാധനയിൽ അവൻ ഒരിക്കലും പങ്കെടുത്തിരുന്നില്ല) കൂടാതെ, അവന്റെ രക്തത്തിൽ നിന്നു തന്നെ ഒരു അവകാശി അവനുണ്ടാകും എന്ന ദൈവത്തിന്റെ വാഗ്ദാനം വിശ്വസിച്ചു. ആ വിശ്വാസം അവന്നു നീതിയായി കണക്കിട്ടു.

മോശെയുടെ ന്യായപ്രമാണം പ്രവൃത്തികളിൽ നിന്നും പൂർണ്ണമായും വേറിട്ടു നില്ക്കുന്നതായിരുന്നു, അബ്രഹാമിന്റെ വിശ്വാസം (റോമർ 3:28; 4:2-5; ഗലാത്യർ 2:16; 3:5). സിനായ് പർവ്വതത്തിൽ വെച്ചു ന്യായപ്രമാണപ്രവൃത്തികൾ നല്കുന്നതിനുമുൻപും അബ്രഹാം തന്റെ പ്രതിഫലത്തിനായി വളരെ കാത്തിരുന്നു. ഇന്ന്, ഒരാൾക്ക് ക്രിസ്തുവിനെക്കുറിച്ചു ദൈവ വചനത്തിൽ പറയുന്നതു (റോമർ 4:23 -25) വിശ്വസിക്കുമ്പോഴാണ് നീതിയായി കണക്കിടുന്നത്, അത്തരം വിശ്വാസം, മോശെയുടെ ന്യായപ്രമാണ പ്രവൃത്തികളിൽ നിന്നു വേറിട്ടതാണ്. ഒരാൾ ഇതിനു രണ്ടിനോടും ചേരുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അയാൾ ക്രിസ്തുവിനെ വൃഥാവാക്കുകയാണ് (ഗലാത്യർ 5:4).

അബ്രഹാമിന്റെ വിശ്വാസം, വിശ്വാസം മാത്രം മതി എന്നായിരുന്നില്ല. വിശ്വാസത്തിന്റെ "പടികൾ" (റോമർ 4:12) പലതുണ്ടായിരുന്നു; നൂറുകണക്കിനു മൈലുകൾ പല ദേശങ്ങളും അവൻ സഞ്ചരിച്ചു. കൂടാതെ, അബ്രഹാം വാസ്തവത്തിൽ കത്തി എടുത്തു സ്വന്ത മകനെ യാഗം കഴിപ്പാൻ തുടങ്ങുന്നതുവരെ ഉല്പത്തി 15:6 ലെ വാഗ്ദാനം

നിറവേറിയിരുന്നില്ല എങ്കിലും അവന്റെ വിശ്വാസത്തിനു ക്ഷീണം സംഭവിച്ചിരുന്നില്ല (യാക്കൊബ് 2:23).

റോമാ ലേഖനത്തിലും ഗലാത്യ ലേഖനത്തിലും വിവരിച്ചിരിക്കുന്ന വിശ്വാസം, ന്യായപ്രമാണ പ്രവൃത്തികൾ മാറ്റിനിർത്തിയിരുന്നെങ്കിലും വിശ്വാസത്തിന്റെ അനുസരണം മാറ്റിനിർത്തിയിരുന്നില്ല (റോമർ 1:5; 16:26). വിശ്വാസത്തെ പറഞ്ഞിരിക്കുന്ന എല്ലാ സാഹചര്യങ്ങളിലും അനുസരണത്തിന്റെ വിശ്വാസങ്ങൾ എല്ലാം നല്കിയിട്ടില്ല. ഉദാഹരണമായി, റോമർ 5:1 ലെ വിശ്വാസത്തിൽ (1) ദൈവം ഉണ്ട് എന്നും ക്രിസ്തു അവന്റെ മകൻ ആണെന്നും മാനസികമായി വിശ്വസിക്കുന്നതു പറയുന്നില്ല, (2) മാനസാന്തരപ്പെടുന്നതും, (3) ഏറ്റുപറയുന്നതും, (4) സ്നാനമേല്ക്കുന്നതും (റോമർ 6:3, 4 നോക്കുക). എന്നിരുന്നാലും, നീതീകരണം വരുത്തുന്ന "വിശ്വാസത്തിൽ" ആ നാലു നിബന്ധനകളും ഉൾപ്പെട്ടിരിക്കുന്നു എന്നും ഗ്രഹിക്കുക. ഗലാത്യർ 3:26 ലെ ദൈവമക്കൾ ആകുന്ന വിശ്വാസം എന്നതിൽ പ്രത്യേകമായി മാനസ്സാന്തരത്തെയും, സ്നാനത്തെയും പറയുന്നില്ലെങ്കിലും അടുത്ത വാക്യം കാണിക്കുന്നത് വിശ്വാസത്തിൽ സ്നാനവും ഉൾപ്പെടുന്നു എന്നാണ്.

ക്രിസ്തുവിനെ ധരിച്ചില്ലെങ്കിൽ ഒരാൾക്കു ദൈവ മകൻ ആകുവാൻ സാധ്യമല്ല. ഒരാൾ സ്നാനപ്പെടുന്നതുവരെ ക്രിസ്തുവിനെ ധരിക്കാത്തതുകൊണ്ട്, ദൈവമക്കൾ ആകുന്ന വിശ്വാസത്തിൽ സ്നാനവും ഉൾപ്പെട്ടിരിക്കുന്നു. വിശ്വാസം (അതിൽ ഉൾപ്പെടുന്നതെല്ലാം) തന്നെ ഒരു പ്രവൃത്തിയാണ് (യോഹന്നാൻ 6:29), എന്നാൽ അതു ദൈവത്തിന്റെ പ്രവൃത്തിയാണ് മനുഷ്യന്റെ രക്ഷക്കുള്ള പ്രവൃത്തികൾ അല്ല (എഫെസ്യർ 2:8, 9).

© 2009 Truth for Today